"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയ ശ്രീമതി. മഞ്ജു എം.-ന് "നദികൾ മാനവ സംസ്കൃതിയുടെ മഹാധമനികൾ" എന്ന പുസ്തകം "ചിന്ത പബ്ലിക്കേഷൻ" മുഖേന പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1908/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/10/2020

---

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 21.08.2020-ലെ 7684/എസ്റ്റാ.ബി1/2020/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി മഞ്ജു എം.-ന് ശ്രീ. എം. ഗോപകുമാർ എന്ന വ്യക്തിയുമായി ചേർന്ന് "നദികൾ മാനവ സംസ്കൃതിയുടെ മഹാധമനികൾ" എന്ന പുസ്തകം രചിച്ചത് "ചിന്ത പബ്ലിക്കേഷൻ" മുഖേന പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48, 62, 63 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയ ശ്രീമതി. മഞ്ജു എം.-ന് "നദികൾ മാനവ സംസ്കൃതിയുടെ മഹാധമനികൾ" എന്ന പുസ്തകം "ചിന്ത പബ്ലിക്കേഷൻ" മുഖേന പ്രസിദ്ധീകരിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നവീൻ കൃഷ്ണൻ ജി ഐ**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി. മഞ്ജു എം., ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, ആലപ്പുഴ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ